12094/2018/CRU CTP(RE)TVM

File No. TCPCTP/11604/2018-E3

Com P No. 11604

From

എം.എം.യാക്കൂബ്

സാഗടവർ ബിൽഡിംഗ്

എം.ജി.റോഡ്, തിരുവനന്തപുരം-1

മൊബ: 9895357585.

To

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ചീഫ് ടൗൺപ്ലാനറുടെ ഓഫീസ്

തിരുവനന്തപുരം.

സർ,

2005-ലെ വിവരാവകാശ നിയമപ്രകാരം താഴെപറയുന്ന കാര്യങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ശരിയായ വിവരങ്ങൾ തരാൻ അപേക്ഷിക്കുന്നു.

(1) 2014 ന് ശേഷം ഇതേവരെ ആർട്ട്& ഹെറിറ്റേജ് കമ്മീഷൻ എത്ര കെട്ടിട നിർമ്മാണ അപേക്ഷകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(2) സംരക്ഷിത സ്മാരകമായ പഴവങ്ങാടി കോട്ടയിൽ ചേർത്ത് ഇപ്പോൾ കെട്ടിട നിർമ്മാണം നടക്കുന്നത് ആർട്ട്&ഹെറിറ്റേജ് കമ്മീഷന്റെ അംഗീകാര പ്രകാരമാണെങ്കിൽ പ്രസ്തുത അംഗീകാരത്തിന്റെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ.

(3) കോർപ്പറേഷൻ മുഖേന 2014 ൽ പി.പ്രേമകുമാരി വീട് വയ്ക്കാൻ സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തിയ റീജണൽ ടൗൺ പ്ലാനർ 2015 ൽ നൽകിയ റിപ്പോർട്ട് പ്രകാരം പ്രേമകുമാരിയുടെ അപേക്ഷയിൽ തീരുമാനം എടുക്കാൻ 2015ൽ എന്തെങ്കിലും നിയമതടസം ഉണ്ടായിട്ടുണ്ടോ?

(4) മേൽപറഞ്ഞ പ്രേമകുമാരിയുടെ അപേക്ഷ അനുവദിക്കുന്നതിനെതിരെ സുപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റ് ശ്രീമതി സോനയോ അല്ലങ്കിൽ പുരാവസ്തുവകുപ്പിലെ ഡയറക്ടറോ മറ്റ് ഉദ്യോഗസ്ഥരോ ഹെറിറ്റേജ് കമ്മീഷന്റെ മുൻപാകെ വിയോജന കുറിപ്പ് തന്നിട്ടുണ്ടോ ഉണ്ടെങ്കിൽ പ്രസ്തുത വിയോജന കുറിപ്പിന്റെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ.

(5) മേൽപറഞ്ഞ പ്രേമകുമാരിയുടെ പുരയിടവും കോട്ടമതിലിന്റെ അടുത്ത് അഭേദാനന്ദ ആശ്രമം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും ഹെറിറ്റേജ് കമ്മീഷൻ നേരിട്ട് പരിശോധിച്ചിട്ടുണ്ടോ?

(6) കിഴക്കേകോട്ടയുടെ സമീപമുള്ള കോട്ടമതിലിന്റെ പുറകിൽ വീട് വെയ്ക്കാനുള്ള പി.പ്രേമകുമാരിയുടെ അപേക്ഷയുമായി ബന്ധപ്പെട്ട് ചീഫ് ടൗൺപ്ലാനർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ

വിശ്വസ്തതയോടെ,